എൻ. എച്ച്. 47-ൽ ഭാരതപ്പുഴയിൽ പണിയുന്ന പാലം

725 [1058] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. എച്ച്. 47-ൽ ഭാരതപ്പുഴയിൽ പണിയുന്ന പാലത്തിന്റെ പണി എന്നത്തേയ്ക്കു പൂർത്തിയാകുമെന്നാണ് പ്രതീക്ഷ;

(ബി) ഭാരതപ്പുഴയോട് തൊട്ടുള്ള റയിൽവേ ഓവർ ബ്രിഡ്ജിന്റെ പണി ആരംഭിക്കാത്തതിനുള്ള കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഈ വർഷം തന്നെ പണി ആരംഭിക്കുവാനുള്ള വല്ല നീക്കവും റയിൽവേ അധികൃതരുടെ ഭാഗത്തു നിന്നുമുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തു കാരണത്താലെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭാരതപ്പുഴയുടെ കൈവഴിയായ യാക്കര പുഴയിലാണ് പാലം; പാലത്തിന്റെ പണി പൂർത്തിയായി കഴിഞ്ഞു.

(ബി) റയിൽവേ മേൽപാലം പണി നടത്തേണ്ടതു റയിൽവേ വകുപ്പാണ്. മരാമത്തു വകുപ്പ് ചെയ്യേണ്ടതെല്ലാം ചെയ്തു. പാലം പണി ഉടനെ ആരംഭിക്കുമെന്നാണ് പ്രതീക്ഷ.

(സി) റയിൽവേ വകുപ്പ് ഈ വർഷം തന്നെ പണി ആരംഭിക്കുവാനുള്ള നീക്കങ്ങൾ നടത്തുന്നുണ്ട്.

(ഡി) മുകളിൽ (സി) യ്ക്കുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യമുദിക്കുന്നില്ല.

എൻ. എച്ച്. 47-ന്റെ വാളയാർ—പാലക്കാട് സെക്ഷന്റെ പണി

726 [1058] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. എച്ച്. 47-ന്റെ വാളയാർ—പാലക്കാട് സെക്ഷന്റെ പണിക്കു വേണ്ടി ഇൻഡ്യാ ഗവൺമെന്റ് എത്ര സംഖ്യ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പണിക്ക് എത്ര സംഖ്യ ഇതിനകം അനുവദിച്ചു; എത്ര ചെലവാക്കി; ഇനിയും എത്ര സംഖ്യ കൂടി വേണ്ടി വരും;

(സി) ഈ സെക്ഷന്റെ പണി എന്നേയ്ക്കു പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത സെക്ഷനിൽ മൊത്തം 128.50 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ് കേന്ദ്രം അംഗീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly